NALLEPPALLI PANCHAYAT—USE OF VANDI THODU AS BURIAL GROUND

328. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) നല്ലെപ്പിള്ളി പഞ്ചായത്തിൽ വളരെ ജനങ്ങൾ കൂലിക്കുന്ന വണ്ടിത്തോടല്ലെ ശ്മശാനമായി ഉപയോഗിച്ചുവരുന്നത";

(ബി) ശ്മശാനത്തിനു പ്രത്യേകം രണ്ടു സ്ഥലം അകപയർ ചെയ്തെടുത്തു കാമ്പൌണ്ടുവാൾ ഇടണമെന്നു നല്ലെപ്പിള്ളി പഞ്ചായത്തിൽ നിന്നും റസലൂഷൻ പാസ്സാക്കി അയച്ചതിനെപ്പറ്റി ഗവമ്മെണ്ടു വല്ലതും പ്രവൃത്തിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഉടനടി രണ്ടു സ്ഥലം അകപയർ ചെയ്തു കാമ്പൌണ്ടുവാൾ ഇടീക്കുവാൻ ഗവമ്മെണ്ടിനു നമ്മനസ്സുണ്ടാകുമോ ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) വണ്ടിത്തോട്ടിന്റെ ചില ഭാഗങ്ങളിൽ ശവം മറവു ചെയ്യാറുണ്ടു".

(ബി) പഞ്ചായത്തിന്റെ ശുപാർശയെപ്പറ്റി ആലോചിക്കുന്നുണ്ടു".

(സി) ബി. ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

മിസ്റ്റർ എൻ: വി. സുബ്ബരായൻ ചെട്ടിയാർ : കൂലിക്കുന്ന സ്ഥലത്തിനാടുത്തു ശവം കഴിച്ചിടാവുണ്ടെന്നു ഗവമ്മെണ്ടുതന്നെ സമ്മതിക്കുന്നുണ്ടു. അതുകൊണ്ടു കഴിയുന്നതും വേഗത്തിൽ ശ്മശാനത്തിനുള്ള സ്ഥലം അകപയർചെയ്തെടുത്തു കാമ്പൌണ്ടുവാൾ ഇടുവിക്കുമൊ?

ഡോക്ടർ എ. ആർ. മേനോൻ : ഇക്കൊല്ലംതന്നെ വേണ്ട ഏർപ്പാടുചെയ്യാം

DEPRESSED CLASS PUPILS IN LOWER SECONDARY CLASSES—GRANT OF STIPENDS

329. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹു മാനപ്പെട്ട ഗവമ്മെണ്ടു സദയം മറുപടി പറയുമോ. . .

(എ) ലോവർസെക്കണ്ടറി ക്ലാസുകളിലും ഹൈസ്കൂൾ ക്ലാസുകളിലും എത്രയെത്ര അധഃകൃത വിദ്യാർത്ഥികൾ ഉണ്ടു";

(ബി) അവരിൽ സ്റ്റൈപ്പെൻറു ഉള്ള കുട്ടികൾ എത്ര;

(സി) പബ്ലിക്കു പരീക്ഷകളിൽ ഫ-ാംക്ലാസായി പാസ്സായിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും സ്റ്റൈപ്പൻറു കൊടുക്കുമൊ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) ലോവർസെക്കണ്ടറി: ഫ,൨൩൨. ഹൈസ്കൂൾ: ൩൯൩.

(ബി) ലോവർസെക്കണ്ടറി: ൨ ൫ ൫. അപ്പർ: ഫ ഫ ൭.

(സി) ഗവമ്മെണ്ടു അംഗീകരിച്ചിട്ടുള്ള നിയമപ്രകാരമുള്ള സ്റ്റൈപ്പെൻറു അധഃകൃത കുട്ടികൾ ഉള്ളതായ എല്ലാ സെക്കണ്ടറി സ്കൂളിലും കിട്ടത്തക്കവണ്ണവും ഓരോ ജാതിയിൽപ്പെട്ട അധഃകൃത കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly